**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5362

26.03.2018- ൽ
മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷന് വേണ്ടിയുള്ള സ്ഥലം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുവേണ്ടി ബേഡഡുക്ക വില്ലേജിലെ വലിയപാറയിലുള്ള സ്ഥലം ലീസിന് നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;<br><br>(ബി) അപേക്ഷ സമർപ്പിച്ചത് എന്നാണെന്നും സ്ഥലം ലീസിനു നൽകുന്ന പ്രോപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) & (ബി) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ കെ.എസ്.ഇ.ബി. 110 കെ.വി സബ് സ്റ്റേഷനുവേണ്ടി ബേഡഡുക്ക വില്ലേജിൽ റീ.സ.നം. 396/പാർട്ടിൽപ്പെട്ട 3 ഏക്കർ സ്ഥലം പാട്ടത്തിന് ലഭിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ ഡിവിഷൻ 01/8/2017 ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി പാട്ടത്തിനുള്ള പ്രൊപ്പോസൽ റവന്യൂ ഡിവിഷണൽ ഓഫീസർ, കാസർഗോഡ് മുഖാന്തിരം സമർപ്പിക്കുവാൻ കാസർഗോഡ് തഹസിൽദാർക്ക് ജില്ലാ കളക്ടർ DCKSGD/70548/2017 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത പ്രോപ്പോസൽ കാലതാമസം വരുത്താതെ അടിയന്തരമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) പാട്ടത്തിന് ഭൂമി നൽകുന്നതിനുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

Indu S S

**സെക്ഷൻ ഓഫീസർ**